## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1812 — 01-11-2019 ൽ മറുപടിയ്ക്ക്

### ന്യൂനപക്ഷ വിഭാഗക്കാർക്കായുള്ള ക്ഷേമപദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.എം. നൗഷാദ്<br>ശ്രീമതി.വീണ ജോർജ്ജ് | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ വിഭാഗക്കാർക്കായി പുതുതായി നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ന്യൂനപക്ഷ മതവിഭാഗങ്ങൾക്കായി താഴെ പറയുന്ന പുതിയ പദ്ധതികൾ കൂടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1. പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്- ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവക്ക് എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ്/ 90%-മാർക്ക് നേടിയവർക്കും ബിരുദത്തിന് 80%-മാർക്ക് നേടിയവർക്കും ബിരുദാനന്തര ബിരുദത്തിന് 75%-മാർക്ക് നേടിയവർക്കുമാണ് സ്കോളർഷിപ്പ് അവാർഡ് നൽകുന്നത്. എസ്.എസ്.എൽ.സി/ പ്ലസ് ടു/വി.എച്ച്.എസ്.ഇ വിഭാഗത്തിന് 10,000/- രൂപയും ബിരുദ/ ബിരുദാനന്തരബിരുദ കോഴ്സുകളിൽ പഠിക്കുന്നവർക്ക് 15,000/ രൂപയുമാണ് സ്കോളർഷിപ്പ് അവാർഡ് തുക.<br>2. എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്<br>സർക്കാർ / എയ്ഡഡ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. പ്രതിവർഷം 1000 വിദ്യാർത്ഥികൾക്ക് 6000/ രൂപ നിരക്കിൽ ഇതിന്റെ പ്രയോജനം ലഭിക്കും. |

| | | | |
|---|---|---|---|
| | | | 3. മദർ തെരേസ സ്കോളർഷിപ്പ്<br>പൊതു പ്രവേശന പരീക്ഷയെഴുതി കേരളത്തിലെ നേഴ്സിംങ് കോളേജ്/ മെഡിക്കൽ കോളേജുകളിൽ നേഴ്സിംങ് ഡിപ്ലോമ/ പാരാമെഡിക്കൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 15,000/ രൂപ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയവരും കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ താഴെയുള്ളവരും ആയിരിക്കണം.<br><br>4. ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതി<br>ശരിയായ ജനലുകളോ, വാതിലുകളോ ഇല്ലാത്തതും, ഉറപ്പുള്ള മേൽക്കൂരയില്ലാത്തതുമായ വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചി ബാവ ഭവന പുനരുദ്ധാരണ പദ്ധതിയിൽ 50,000/ രൂപയാണ് ധനസഹായം നൽകുന്നത്. ബി.പി.എൽ വിഭാഗത്തിനും, മാനസിക-ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്കും മുൻഗണന നൽകും. ഇപ്പോൾ ഈ പദ്ധതി ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br><br>5. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലീം യുവതീ-യുവാക്കൾക്ക് വിവാഹപൂർവ്വ കൗൺസലിംഗ്<br>ന്യൂനപക്ഷ സമുദായത്തിലെ വിവാഹ മോചന നിരക്ക് ഗണ്യമായി കുറയ്ക്കുന്നതിന്റെ ഭാഗമായി വിവാഹപൂർവ്വ കൗൺസലിംഗ് എല്ലാ ജില്ലകളിലും നടത്തി വരുന്നു.<br><br>6. മദ്രസാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായവർക്കുള്ള ചികിത്സാ ധനസഹായം, പ്രസവാനുകൂല്യം എന്നിവ. |
| (ബി) | ന്യൂനപക്ഷ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം (പി.എം.ജെ.വി.കെ.) പദ്ധതി പ്രകാരം എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് നടപ്പാക്കിവരുന്നത്; | (ബി) | വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, എന്നീ മേഖലകളിലെ ഉന്നമനത്തിനും, ക്ഷേമത്തിനും, സദ്ഭാവന മണ്ഡപം, മാർക്കറ്റ്ഷെഡ്, ടോയ്ലറ്റ് നിർമ്മാണം, വർക്കിംങ് വിമൻസ് ഹോസ്റ്റൽ തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയാണ് പി.എം.ജെ.വി.കെ പദ്ധതികൾ നടപ്പിലാക്കുന്നത്. |

| | | |
|---|---|---|
| (സി) | ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് മത്സരപരീക്ഷകൾക്കായി പരിശീലനം നൽകുന്നതിന് പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | ന്യൂനപക്ഷ യുവജനങ്ങൾക്കായി പി.എസ്.സി, യു.പി.എസ്.സി, ബാങ്കിംഗ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനായി 23 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും 28 ഉപകേന്ദ്രങ്ങളും ന്യൂനപക്ഷക്ഷേമ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**